"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുമരാമത്ത് വകുപ്പ് - ജീവനക്കാര്യം - ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ പൊതുമരാമത്ത് വകുപ്പ്, നെടുങ്കണ്ടം നിരത്ത് വിഭാഗം അസിസ്റ്റന്റ് എഞ്ചിനീയറുടെ കാര്യാലയത്തിലെ കാഷ്വൽ സ്വീപ്പർ ശ്രീ.അബ്ദുൾ റഹീം പി എം ഫയൽ ചെയ്ത OA No.469/2023 കേസിന്മേൽ ബഹു. ട്രൈബ്യൂണൽ 30/10/2023 ൽ പുറപ്പെടുവിച്ച ഇടക്കാല ഉത്തരവിലെ നിർദ്ദേശങ്ങൾ നടപ്പിൽ വരുത്തികൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുമരാമത്ത് (ബി) വകുപ്പ്**

സ.ഉ.(കൈ) നം.3/2025/PWD തീയതി,തിരുവനന്തപുരം, 10-01-2025

---

പരാമർശം:-

1. സ.ഉ (അച്ചടി) നം. 501/2005/ധന തീയതി 25/11/2005
2. OA No. 469/2023 കേസിന്മേൽ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ, തിരുവനന്തപുരം പുറപ്പെടുവിച്ച 30/10/2023 ലെ ഇടക്കാല ഉത്തരവ്
3. പൊതുമരാമത്ത് ഭരണ വിഭാഗം ചീഫ് എഞ്ചിനീയറുടെ 26/02/2024 ലെ CEPWD/6554/2023-A4(S&A)-PWD നം. കത്ത്

**ഉത്തരവ്**

ശ്രീ. അബ്ദുൾ റഹീം പി എം ഇടുക്കി ജില്ലയിലെ നെടുങ്കണ്ടം നിരത്ത് വിഭാഗം അസിസ്റ്റന്റ് എഞ്ചിനീയറുടെ കാര്യാലയത്തിൽ കാഷ്വൽ സ്വീപ്പറായി സേവനം ചെയ്തുവരുന്നു. നെടുങ്കണ്ടം ബിൽഡിംഗ്സ് സബ് ഡിവിഷനിലെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയ സ്വീപ്പിംഗ് ഏരിയ സർട്ടിഫിക്കറ്റ് പ്രകാരം ടി കാര്യാലയത്തിന്റെ സ്വീപ്പിംഗ് ഏരിയ 100.08 ച.മീറ്ററാണെന്നും, പ്രസ്തുത സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ പുതിയ പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിക്കണമെന്ന അപേക്ഷ 28/10/2008-ൽ ശ്രീ.അബ്ദുൾ റഹീം പി എം സമർപ്പിയ്ക്കുകയുണ്ടായി. ഇടുക്കി നിരത്ത് വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ സ്വീപ്പിംഗ് ഏരിയ സർട്ടിഫിക്കറ്റ് പ്രകാരം നെടുങ്കണ്ടം നിരത്ത് വിഭാഗം അസിസ്റ്റന്റ് എഞ്ചിനീയറുടെ കാര്യാലയത്തിന്റെ സ്വീപ്പിംഗ് ഏരിയ 100.93 ച.മീറ്റർ ആണെന്ന് സാക്ഷ്യപ്പെടുത്തിയിട്ടുമുണ്ടായിരുന്നു. എന്നിരുന്നാലും സ്വീപ്പിംഗ് ഏരിയയിലുണ്ടായ വ്യത്യാസം പുനർനിർണ്ണയിക്കുന്നതിന് ശ്രീ.അബ്ദുൾ റഹീം പി എം സർക്കാരിൽ അപേക്ഷിക്കുകയും, ആയതിന്റെ അടിസ്ഥാനത്തിൽ ചീഫ് ടെക്നിക്കൽ എക്സാമിനർ സ്വീപ്പിംഗ് ഏരിയ പുനർനിശ്ചയിച്ച് 101.06ച.മീറ്ററ് ആണെന്ന് അറിയിച്ചിട്ടുണ്ട്. അതിൻപ്രകാരം പാർട്ട് ടൈം സ്വീപ്പർ എന്ന നിലയിൽ റെഗുലറൈസേഷൻ അനുവദിച്ച് നൽകണമെന്ന അപേക്ഷകനായ ശ്രീ.അബ്ദുൾ റഹീം പി എം ന്റെ ആവർത്തിച്ചുള്ള അഭ്യർത്ഥന നിരസിച്ചതിനെതിരെ ടിയാൻ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ OA No. 469/2023 കേസ് ഫയൽ ചെയ്യുകയും, ബഹു. ട്രൈബ്യൂണൽ അപേക്ഷകന്റെ അവകാശവാദം പരിഗണിക്കുന്നതിനും, ടിയാന്റെ ഭാര്യയ്ക്ക് നൽകിയ സർക്കാർ

കത്ത് പിൻവലിക്കുന്നതിനും, ഉത്തരവിന്റെ പകർപ്പ് ലഭിച്ച തീയതി മുതൽ ഒരു മാസത്തിനുള്ളിൽ ഉചിതമായ തീരുമാനം എടുക്കുന്നതിനും പരാമർശം (2) പ്രകാരം ഇടക്കാല ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

2) സർക്കാർ ബന്ധപ്പെട്ട രേഖകളുടെ അടിസ്ഥാനത്തിൽ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. പാർട്ട് ടൈം സ്വീപ്പർ തസ്തികകൾ നിലവിലില്ലാത്ത സർക്കാർ ഓഫീസുകളിൽ പ്രസ്തുത തസ്തിക സൃഷ്ടിക്കുന്നത് സംബന്ധിച്ചും നിലവിലുള്ള കാഷ്വൽ സ്വീപ്പർമാരുടെ സേവനം സ്ഥിരപ്പെടുത്തുന്നത് സംബന്ധിച്ചുള്ള മാർഗ്ഗനിർദ്ദേശങ്ങളുമാണ് പരാമർശം (1) ലെ ഉത്തരവിൽ പ്രതിപാദിച്ചിരിയ്ക്കുന്നത്. പരാമർശം (2) ലെ ബഹു. ട്രൈബ്യൂണലിന്റെ നിരീക്ഷണങ്ങൾ കണക്കിലെടുത്ത് പരാമർശം (1) ഉത്തരവിലെ മാർഗ്ഗനിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ ഉത്തരവ് പുറപ്പെടുവിക്കണമെന്ന് ഭരണവിഭാഗം ചീഫ് എഞ്ചിനീയർ പരാമർശം (3) പ്രകാരം അഭ്യർത്ഥിയ്ക്കുകയുണ്ടായി. ഈ സാഹചര്യത്തിൽ പരാമർശം (2) ലെ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ഇടക്കാല ഉത്തരവ് പാലിച്ചുകൊണ്ട് പൊതുമരാമത്ത് വകുപ്പ് നെടുങ്കണ്ടം നിരത്ത് വിഭാഗം അസിസ്റ്റന്റ് എഞ്ചിനീയറുടെ കാര്യാലയത്തിൽ ഒരു പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ച് പ്രസ്തുത തസ്തികയിൽ ഉത്തരവ് തീയതി പ്രാബല്യത്തിൽ ശ്രീ. അബ്ദുൾ റഹിം പി എം ന്റെ സേവനം ക്രമപ്പെടുത്തി ഉത്തരവാകുന്നു. നാളിതുവരെ ടിയാൻ കൈപ്പറ്റിയത് കിഴിച്ചുള്ള തുക അടിയന്തിരമായി കണക്കാക്കി, ആയത് ടിയാന് അനുവദിച്ച് നൽകുന്നതിനുള്ള തുടർനടപടികൾ പൊതുമരാമത്ത് വകുപ്പ്, ഭരണവിഭാഗം, ചീഫ് എഞ്ചിനീയർ സ്വീകരിക്കേണ്ടതുമാണ്.

3) ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ പരാമർശം (2) പ്രകാരമുള്ള ഇടക്കാല ഉത്തരവ് ഇപ്രകാരം നടപ്പിൽ വരുത്തി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
കെ ബിജു ഐ എ എസ്
സെക്രട്ടറി

ചീഫ് എഞ്ചിനീയർ, ഭരണവിഭാഗം, പൊതുമരാമത്ത് വകുപ്പ്, തിരുവനന്തപുരം
ശ്രീ. അബ്ദുൾ റഹീം പി എം അസിസ്റ്റന്റ് എഞ്ചിനീയറുടെ കാര്യാലയം, നിരത്ത് വിഭാഗം, നെടുങ്കണ്ടം, ഇടുക്കി (ഭരണവിഭാഗം, ചീഫ് എഞ്ചിനീയർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ)/ഓഡിറ്റ്) തിരുവനന്തപുരം
അഡ്വക്കേറ്റ് ജനറൽ, കേരള, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
ധനകാര്യ വകുപ്പ് (U.O(F) No. I&PW-A2/303/2024-FIN തീയതി 08/10/24 പ്രകാരം)
പൊതുഭരണ (എസ്.സി) വകുപ്പ് (ഇനം നം. 2578, തീയതി. 08/01/2025 പ്രകാരം)
വെബ്ബ് & ന്യൂ മീഡിയ വിഭാഗം, വിവര പൊതുജന സമ്പർക്ക വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Aji Kumar R
സെക്ഷൻ ഓഫീസർ
Date: 13-01-2025 11:20:17

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 08-01-2025

ഫയൽ നം. ബി1/126/2023/പൊ.മ.വ. ഇനം നം: 2578

വിഷയം : പൊതുമരാമത്ത് വകുപ്പ് - ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 30.10.2023-ലെ OA No.469/2023 കേസിന്മേലുള്ള ഇടക്കാല ഉത്തരവ് പാലിച്ചുകൊണ്ട് പൊതുമരാമത്ത് വകുപ്പ്, നെടുങ്കണ്ടം നിരത്ത് വിഭാഗം അസിസ്റ്റന്റ് എഞ്ചിനീയറുടെ കാര്യാലയത്തിൽ പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ച് പ്രസ്തുത തസ്തികയിൽ ടി തീയതി പ്രാബല്യത്തിൽ ശ്രീ. അബ്ദുൾ റഹീമിന്റെ സേവനം ക്രമപ്പെടുത്തുന്നത്.

തീരുമാനം : ഉത്തരവ് തീയതി മുതൽ പ്രാബല്യത്തിൽ സേവനം ക്രമപ്പെടുത്താവുന്നതാണെന്ന ഭേദഗതിയോടെ കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി
(ശരിപ്പകർപ്പ്)

ശാരദ മുരളീധരൻ
ചീഫ് സെക്രട്ടറി

സെക്രട്ടറി, പൊതുമരാമത്ത് വകുപ്പ്.

2578

# കേരള സർക്കാർ

## (ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

| | | | |
|---|---|---|---|
| 1. | ഫയൽ നമ്പർ | : | ബി1/126/2023/പൊ.മ.വ |
| 2. | വകുപ്പ് | : | പൊതുമരാമത്ത് (ബി) വകുപ്പ് |
| 3. | വിഷയം | : | പൊ.മ.വ - ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 30/10/2023 ലെ OA No. 469/2023 കേസിന്മേലുള്ള ഇടക്കാല ഉത്തരവ് പാലിച്ചുകൊണ്ട് പൊതുമരാമത്ത് വകുപ്പ്, നെടുങ്കണ്ടം നിരത്ത് വിഭാഗം അസിസ്റ്റന്റ് എഞ്ചിനീയറുടെ കാര്യാലയത്തിൽ പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ച് പ്രസ്തുത തസ്തികയിൽ ടി തീയതി പ്രാബല്യത്തിൽ ശ്രീ. അബ്ദുൾ റഹിമിന്റെ സേവനം ക്രമപ്പെടുത്തുന്നത് - സംബന്ധിച്ച് |
| 4. | മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 25/10/2024 |
| 5. | (1) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ? | : | അതെ |
| | (2) സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഉണ്ട് |
| 6. | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഇല്ല |
| 7. | കുറിപ്പ് സമർപ്പിച്ച ജോയിന്റ് സെക്രട്ടറിയുടെ പേര് | : | ശ്രീമതി. ലിസിമോൾ. ഇ |
| 8. | കുറിപ്പ് അംഗീകരിച്ച സെക്രട്ടറിയുടെ പേര് | : | ശ്രീ. കെ. ബിജു |
| 9. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 12/11/2024 |
| 10. | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ശ്രീമതി. ശാരദ മുരളീധരൻ |
| 11. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 17/12/2024 |
| 12. | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ. പി.എ. മുഹമ്മദ് റിയാസ് |
| 13. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 18/12/2024 |
| 14. | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 19/12/2024 |
| 15. | മന്ത്രിസഭാ യോഗം തീരുമാനമെടുത്ത തീയതി | : | |
| 16. | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ് / കത്തിന്റെ നമ്പറും തീയതിയും. | : | |

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 30/10/2023 ലെ OA No. 469/2023 കേസിന്മേലുള്ള ഇടക്കാല ഉത്തരവ് പാലിച്ചുകൊണ്ട് പൊതുമരാമത്ത് വകുപ്പ്, നെടുങ്കണ്ടം നിരത്ത് വിഭാഗം അസിസ്റ്റന്റ് എഞ്ചിനീയറുടെ കാര്യാലയത്തിൽ പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ച് പ്രസ്തുത തസ്തികയിൽ ടി ഉത്തരവ് തീയതി പ്രാബല്യത്തിൽ ശ്രീ. അബ്ദുൾ റഹിമിന്റെ സേവനം ക്രമപ്പെടുത്തുന്നത് സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ്.

2) ശ്രീ. അബ്ദുൾ റഹീം പി എം ഇടുക്കി ജില്ലയിലെ നെടുങ്കണ്ടം റോഡ് സെക്ഷനിൽ കാഷ്വൽ സ്വീപ്പറായി സേവനം ചെയ്തുവരുന്നു. നെടുങ്കണ്ടം ബിൽഡിംഗ്സ് സബ് ഡിവിഷനിലെ അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയ നെടുങ്കണ്ടം റോഡ് സെക്ഷന്റെ 01/02/2008 ലെ സ്വീപ്പിംഗ് ഏരിയ സർട്ടിഫിക്കറ്റ് പ്രകാരം 100.08 ച.മീറ്ററും, 2005-ൽ ടി സെക്ഷന്റെ സ്വീപ്പിംഗ് ഏരിയ അളന്നിട്ടില്ലാത്തതും, അതനുസരിച്ച് ടി സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ പുതിയ പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിക്കുന്നതിനുള്ള അപേക്ഷ 28/10/2008-ന് സമർപ്പിച്ചു. കൂടാതെ ഇടുക്കി റോഡ്സ് ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ 17/07/2018 തീയതിയിലെ സ്വീപ്പിംഗ് ഏരിയ സർട്ടിഫിക്കറ്റ് പ്രകാരം നെടുങ്കണ്ടം റോഡ് സെക്ഷനിലെ സ്വീപ്പിംഗ് ഏരിയ 100.93 $M^2$ ആണെന്ന് സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.

3) 28.10.2008 ൽ സമർപ്പിച്ച അപേക്ഷയിലെയും, 17.07.2018 ലെ സ്വീപ്പിംഗ് ഏരിയ സർട്ടിഫിക്കറ്റിലെയും സ്വീപ്പിംഗ് ഏരിയയിലുണ്ടായ വ്യത്യാസം, പുനർനിർണ്ണയിക്കുന്നതിന് സർക്കാരിൽ അപേക്ഷിക്കുകയുണ്ടായി.

ആയതിന്റെ അടിസ്ഥാനത്തിൽ ചീഫ് ടെക്നിക്കൽ എക്സാമിനർ സ്വീപ്പിംഗ് ഏരിയ 05/08/2021 ലെ നം. Insp Tech1/123/2021-Fin കത്ത് പ്രകാരം പുനർനിശ്ചയിച്ച് 101.06 $M^2$ ആണെന്ന് അറിയിച്ചിട്ടുണ്ട്. ഇതിനിടെ, പാർട്ട് ടൈം സ്വീപ്പർ എന്ന നിലയിൽ റെഗുലറൈസേഷനുള്ള തന്റെ ആവർത്തിച്ചുള്ള അഭ്യർത്ഥന നിരസിച്ചതിനെതിരെ ശ്രീ. അബ്ദുൾ റഹീം പി എം, ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ മുമ്പാകെ OA No. 469/2023 കേസ് ഫയൽ ചെയ്തു.

4) ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 30/10/2023 ലെ ഇടക്കാല ഉത്തരവിൽ ചുവടെചേർക്കുംപ്രകാരമുള്ള നിരീക്ഷണം നടത്തി ഉത്തരവാകുകയുണ്ടായി "by virtue of Annexure - R2(b) produced by the 2nd respondent, the sweeping area has already been certified as 101.06$M^2$. Therefore, Hon'ble Tribunal directed the 1st respondent, Government to consider the claim of the applicant for regularization, dehorse Annexure - R2(c) letter issued to the wife of the applicant, and to take an appropriate decision, within a period of one month from the date of receipt of copy of the order".

5) പൊതുമരാമത്ത് വകുപ്പ്, നെടുങ്കണ്ടം നിരത്ത് വിഭാഗം അസിസ്റ്റന്റ് എഞ്ചിനീയറുടെ കാര്യാലയത്തിലെ കാഷ്വൽ സ്വീപ്പറായ ശ്രീ. ശ്രീ. അബ്ദുൾ റഹിം പി.എം ന്റെ റെഗുലറൈസേഷൻ സംബന്ധിച്ച ടി ഇടക്കാല ഉത്തരവിൽ ബഹു. ട്രൈബ്യൂണലിന്റെ നിരീക്ഷണങ്ങൾ കണക്കിലെടുത്ത് 25.11.2005-ലെ G.O. (P) No. 501/2005/Fin സർക്കാർ ഉത്തരവിലെ മാർഗ്ഗനിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ പാലിക്കൽ ഉത്തരവ് പുറപ്പെടുവിക്കാമെന്ന് ഭരണവിഭാഗം ചീഫ് എഞ്ചിനീയർ അഭ്യർത്ഥിച്ചിരിക്കുന്നു.

6) ധനകാര്യ വകുപ്പിന്റെ അഭിപ്രായം തേടിയപ്പോൾ പ്രസ്തുത വകുപ്പ് ചുവടെപ്പറയും പ്രകാരം അഭിപ്രായം അറിയിച്ചു:

""FD agrees to create a post of Part Time Sweeper in the O/o the Assistant Engineer, Roads Section, Nedumkandam and to regularise the service of Sri. Abdul Rahim P M on that post with effect from the date of issuance of order.

This has the approval of the Hon'ble Finance Minister".

7) ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 30.10.2023 ലെ OA No. 469/2023 ഇടക്കാല ഉത്തരവ് പാലിച്ചുകൊണ്ട് പൊതുമരാമത്ത് വകുപ്പ്, നെടുങ്കണ്ടം നിരത്ത് വിഭാഗം അസിസ്റ്റന്റ് എഞ്ചിനീയറുടെ കാര്യാലയത്തിൽ പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ച് പ്രസ്തുത തസ്തികയിൽ ടി ഉത്തരവ് തീയതി പ്രാബല്യത്തിൽ ശ്രീ. അബ്ദുൾ റഹിമിന്റെ സേവനം ക്രമപ്പെടുത്താവുന്നതാണോ എന്നതിന്മേൽ ബഹു. പൊതുമരാമത്ത് വകുപ്പ് മന്ത്രി മുഖേന ബഹു.. മുഖ്യമന്ത്രിയുടെ ഉത്തരവിനായി ഫയൽ ചംക്രമണം ചെയ്തപ്പോൾ, പ്രസ്തുത വിഷയം മന്ത്രിസഭാ യോഗം മുമ്പാകെ സമർപ്പിക്കാൻ ബഹു. മുഖ്യമന്ത്രി ഉത്തരവിട്ടു.

## തീരുമാനിക്കേണ്ട സംഗതി

ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 30/10/2023 ലെ OA No. 469/2023 കേസിന്മേലുള്ള ഇടക്കാല ഉത്തരവ് പാലിച്ചുകൊണ്ട് പൊതുമരാമത്ത് വകുപ്പ്, നെടുങ്കണ്ടം റോഡ്സ് വിഭാഗം അസിസ്റ്റന്റ് എഞ്ചിനീയറുടെ കാര്യാലയത്തിൽ സ്വീപ്പിംഗ് ഏരിയ 100 ച.മീ കൈവരിച്ച

01/02/2008 മുതൽ ഒരു പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ച് പ്രസ്തുത തസ്തികയിൽ 01/02/2008 തീയതി പ്രാബല്യത്തിൽ ശ്രീ. അബ്ദുൾ റഹിമിന്റെ സേവനം ധനകാര്യ വകുപ്പിന്റെ അഭിപ്രായം ഭാഗികമായി മറികടന്നുകൊണ്ട് ക്രമപ്പെടുത്താവുന്നതാണോ ?